**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 347** **18-07-2022 - ൽ മറുപടിയ്ക്ക്**

**വൈദ്യുതി ചാർജ്ജ് വർദ്ധനവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. അബ്ദുൽ ഹമീദ് പി,<br>ശ്രീ. കെ. പി. എ. മജീദ്,<br>ശ്രീ എൻ എ നെല്ലിക്കുന്ന് ,<br>ശ്രീ എ കെ എം അഷ്‌റഫ്** | | **ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി)** | |
| (എ) | പുതുക്കിയ വൈദ്യുതി താരിഫ് എന്ന് മുതലാണ് നിലവിൽ വരുന്നതെന്ന് അറിയിക്കാമോ; ഇതിന് മുമ്പ് എന്നാണ് വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിച്ചതെന്ന് വ്യക്തമാക്കാമോ; | (എ) | കേരളാ സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ 25.06.2022-ൽ പുറപ്പെടുവിച്ച താരിഫ് ഉത്തരവ് പ്രകാരം, 26.06.2022 മുതൽ പുതുക്കിയ വൈദ്യുതി താരിഫ് സംസ്ഥാനത്ത് നിലവിൽ വന്നിട്ടുണ്ട്. ഇതിന് മുമ്പ് കേരള വൈദ്യുതി റെഗുലേറ്ററി കമ്മീഷന്റെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 8.07.2019 - ലാണ് വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിച്ചത്. |
| (ബി) | പുതുക്കിയ വൈദ്യുതി നിരക്കിലൂടെ വിവിധ ഉപഭോക്താക്കൾക്ക് എപ്രകാരമാണ് വർദ്ധനവ് വരുത്തിയിരിക്കുന്നതെന്ന് വിശദമാക്കുമോ; | (ബി) | താരിഫ് പരിഷ്കരണം മൂലം ശരാശരി 6.6% വർദ്ധനവ് വൈദ്യുതിയുടെ നിരക്കുകളിൽ വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്. എങ്കിലും 98 ലക്ഷം ഗാർഹിക ഉപഭോക്താക്കൾക്ക് ക്രോസ്സ് സബ്സിഡി ലഭ്യമാക്കത്തക്ക വിധത്തിൽ ആണ് താരിഫ് പരിഷ്കരണം നടപ്പിലാക്കിയിരിക്കുന്നത്.<br><br>1. 1000 വാട്ട് വരെ കണക്ടഡ് ലോഡും പ്രതിമാസം 40 യൂണിറ്റ് വരെ ഉപഭോഗമുള്ളവരുമായ ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള ഗാർഹിക ഉപഭോക്താക്കൾക്ക് താരിഫ് വർദ്ധന ഇല്ല.<br>2. പ്രതിമാസം 50 യൂണിറ്റ് വരെ വൈദ്യുതി ഉപയോഗിക്കുന്ന ഗാർഹിക ഉപഭോക്താക്കൾക്ക് താരിഫ് വർദ്ധനവില്ല. സംസ്ഥാനത്ത് ഏകദേശം 25 ലക്ഷം ഉപഭോക്താക്കളാണ് ഈ വിഭാഗത്തിലുള്ളത്. ഇവർക്ക് ടി ആനുകൂല്യം ലഭിക്കും.<br>3. അനാഥാലയങ്ങൾ, വൃദ്ധസദനങ്ങൾ, അംഗൻവാടികൾ, തുടങ്ങിയ |

| | | | |
|---|---|---|---|
| | | | വിഭാഗങ്ങൾക്ക് താരിഫ് വർദ്ധനവില്ല ഏകദേശം 35,200 ഉപഭോക്താക്കളാണ ഈ വിഭാഗത്തിലുള്ളത്.<br>4. ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള 1000 വാട്ട വരെ കണക്ടഡ് ലോഡുള്ള കുടുംബങ്ങളിൽ ക്യാൻസർ രോഗികളോ, സ്ഥിരമായി അംഗവൈകല്യം ബാധിച്ചവരോ ഉണ്ടെങ്കിൽ താരിഫ് വർദ്ധനവില്ല.<br>5. എൻഡോസൾഫാൻ ദുരിത ബാധിതർക്കുള്ള സൗജന്യ നിരക്ക അതേപടി നിലനിർത്തിയിരിക്കുകയാണ്.<br>6. ചെറിയ പെട്ടിക്കടകൾ, ബങ്കുകൾ, തട്ടുകടകൾ തുടങ്ങിയ വിഭാഗത്തിനുള്ള കുറഞ്ഞ നിരക്കിലുള്ള താരിഫിന്റെ ആനുകൂല്യം 1000 വാട്ടിൽ നിന്നും 2000 വാട്ടായി വർദ്ധിപ്പിച്ചിട്ടുണ്ട്. ഏകദേശം 5.5 ലക്ഷം ഉപഭോക്താക്കൾക്ക് ടി ആനുകൂല്യം ലഭിക്കും.<br>7. കാർഷിക ഉപഭോക്താക്കൾക്ക് എനർജി ചാർജ്ജ് വർദ്ധിപ്പിച്ചിട്ടില്ല. ഏകദേശം 4.76 ലക്ഷം ഉപഭോക്താക്കൾക്ക് ഈ ആനുകൂല്യം ലഭിക്കും.<br>8. 10 കിലോവാട്ടുവരെ കണക്ടഡ് ലോഡുള്ള ചെറുകിട വ്യവസായങ്ങളായ അരി പൊടിക്കുന്ന മില്ലുകൾ, തയ്യൽജോലി ചെയ്യുന്നവർ, തുണിതേയ്ച്ചുകൊടുക്കുന്നവർ തുടങ്ങിയ ചെറുകിട സംരംഭകർക്കുള്ള വൈദ്യുതി നിരക്കിലുള്ള ആനുകൂല്യം തുടരുന്നതാണ്. ടി വിഭാഗങ്ങൾക്ക ശരാശരി യൂണിറ്റിന് 15 പൈസയുടെ താരിഫ് വർദ്ധനവ് മാത്രമേ വരുന്നുള്ളു.<br>9. പ്രതിമാസം 150 യൂണിറ്റ് വരെ ഉപയോഗിക്കുന്ന ഗാർഹിക ഉപഭോക്താക്കൾക്ക് പരമാവധി വർദ്ധനവ യൂണിറ്റിന് 25 പൈസയിൽ താഴെമാത്രമാണ്. ഏകദേശം 88 ലക്ഷം ഉപഭോക്താക്കൾക്ക് ഈ ആനുകൂല്യം ലഭിക്കും.<br><br>ഓരോ താരിഫ് കാറ്റഗറിക്കും വരുത്തിയിട്ടുള്ള വർദ്ധനവ് **അനുബന്ധമായി** ചേർത്തിരിക്കുന്നു. |
| (സി) | വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിക്കാനുള്ള റെഗുലേറ്ററി കമ്മീഷന്റെ നിർദ്ദേശങ്ങൾക്ക് | (സി) | വൈദ്യുതി നിയമം-2003-ലെ 62, 86 എന്നീ വകുപ്പുകൾ പ്രകാരം സംസ്ഥാനത്തെ വിവിധ വിഭാഗം |

| | | | |
|---|---|---|---|
| | അംഗീകാരം നൽകിയിരുന്നോയെന്ന് വ്യക്തമാക്കുമോ? | | ഉപഭോക്താക്കളുടെ വൈദ്യുതിയുടെ നിരക്ക് നിശ്ചയിക്കുന്നതിനുള്ള അധികാരം സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷനിൽ മാത്രം നിക്ഷിപ്തമാണ്. സർക്കാർ അനുമതി ആവശ്യമില്ല.<br><br>എന്നാൽ റെഗുലേറ്ററി കമ്മീഷൻ നിശ്ചയിച്ചിട്ടുള്ള വൈദ്യുതി നിരക്കുകളിൽ, വൈദ്യുതി നിയമം, 2003 ലെ 65-ാം വകുപ്പ് പ്രകാരം ഗാർഹിക, കാർഷിക ഉപഭോക്താക്കൾക്കും അനാഥാലയങ്ങൾ, വൃദ്ധസദനങ്ങൾ, അംഗൻവാടികൾ, ജീവൻ രക്ഷാ ഉപകരണങ്ങൾ ഉപയോഗിക്കുന്നവർക്കും നൽകി വരുന്ന സബ്സിഡികൾ തുടർന്നും നൽകുന്നതായിരിക്കും. ഈ താരിഫ് പരിഷ്കരണത്തിൽ ഈ വിഭാഗത്തിന് വർദ്ധനവ് ഒന്നും തന്നെ വരുത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ